# 1. അറിയാനും പ്രതികരിക്കാനും

ജീവികളിൽ ചുറ്റുപാടുകളിലേയും ആന്തരസമസ്ഥിതിയിലേയും മാറ്റങ്ങൾ അറിയാനും അതിനനുസരിച്ച് പ്രവർത്തിക്കാനും നാഡിവ്യവസ്ഥ സഹായിക്കുന്നു.

## മനുഷ്യ നാഡിവ്യവസ്ഥ

ആന്തരികവും ബാഹ്യവുമായ ഉദ്ദീപനങ്ങളെ സ്വീകരിക്കാൻ കഴിവുള്ള **ഗ്രാഹികളും**, ഗ്രാഹികൾ രൂപപ്പെടുത്തുന്ന ആവേഗങ്ങളെ വഹിക്കുന്ന വിവിധതരം **നാഡികളും**, ആവേഗങ്ങൾക്കനുസരിച്ച് പ്രവർത്തനങ്ങളെ നിയന്ത്രിക്കാനും ഏകോപിപ്പിക്കാനും കഴിവുള്ള **സുഷുമ്നയും മസ്തിഷ്കവും** ചേർന്നതാണ് മനുഷ്യ നാഡിവ്യവസ്ഥ.

**നാഡികോശം / ന്യൂറോൺ** – അടിസ്ഥാന ഘടകം




| ഭാഗം | പ്രത്യേകത | ധർമ്മം |
|---|---|---|
| **ഡെൻഡ്രൈറ്റ്** | ഡെൻഡ്രോണിന്റെ ശാഖകൾ | ♣ തൊട്ടടുത്ത ന്യൂറോണിൽ നിന്ന് ആവേഗത്തെ സ്വീകരിക്കുന്നു |
| **ഡെൻഡ്രോൺ** | കോശശരീരത്തിൽ നിന്ന് പുറത്തേക്ക് തള്ളി നിൽക്കുന്ന ഭാഗം | ♣ ഡെൻഡ്രൈറ്റിൽ നിന്ന് ആവേഗങ്ങളെ കോശശരീരത്തിൽ എത്തിക്കുന്നു |
| **കോശശരീരം** | നാഡികോശത്തിന്റെ മർമ്മം ഉൾക്കൊള്ളുന്നു | ♣ നാഡികോശത്തെ നിയന്ത്രിക്കുന്നു |
| **ആക്സോൺ** | കോശശരീരത്തിൽ നിന്നുള്ള നീളം കൂടിയ തന്തു | ♣ കോശശരീരത്തിൽ നിന്ന് ആവേഗത്തെ പുറത്തേക്ക് വഹിക്കുന്നു |
| **ആക്സോണൈറ്റ്** | ആക്സോണിന്റെ ശാഖകൾ | ♣ ആവേഗങ്ങളെ സിനാപ്റ്റിക് നോബിലെത്തിക്കുന്നു |
| **സിനാപ്റ്റിക് നോബ്** | ആക്സോണൈറ്റിന്റെ അഗ്രഭാഗം | ♣ വൈദ്യുതാവേഗങ്ങളെ രാസആവേഗങ്ങളാക്കി തൊട്ടടുത്ത നാഡികോശത്തിലേക്ക് കടത്തിവിടാൻ **നാഡീയപ്രേഷകം** (ഉദാ :- അസറ്റൈൽ കൊളീൻ, ഡോപാമിൻ) സ്രവിക്കുന്നു |
| **മയലിൻ ഷീത്ത്** | • മിക്കനാഡികോശങ്ങളുടേയും ഭാഗമായിട്ടുള്ള ഷ്വാൻകോശം ആക്സോണിനെ ആവർത്തിച്ച് വലയം ചെയ്യുന്നതിലൂടെ രൂപപ്പെടുന്നു<br>• മസ്തിഷ്കത്തിലും സിഷുമ്നയിലും ഒലിഗോഡെൻഡ്രോസൈറ്റുകൾ വഴിയും രൂപപ്പെടുന്നു | ♣ ആക്സോണിന് $O_2$ ,പോഷണം എന്നിവ നൽകുന്നു<br>♣ ആക്സോണിനെ ബാഹ്യക്ഷതങ്ങളിൽ നിന്ന് സംരക്ഷിക്കുന്നു<br>♣ വൈദ്യുത ഇൻസുലേറ്ററായി വർത്തിക്കുന്നു<br>♣ ആവേഗങ്ങളുടെ വേഗത കൂട്ടുന്നു |
| | **മയലിൻ ഷീത്തിന് തിളങ്ങുന്ന വെള്ളനിറമാണ്.**<br>⇨ മസ്തിഷ്കത്തിലും സുഷുമ്നയിലും മയലിൻ ഷീത്ത് ഉള്ള ന്യൂറോണുകൾ കൂട്ടമായി കാണപ്പെടുന്ന ഭാഗം – **വൈറ്റ് മാറ്റർ**<br>⇨ മയലിൻ ഷീത്ത് ഇല്ലാത്ത ന്യൂറോണുകൾ കൂട്ടമായി കാണപ്പെടുന്ന ഭാഗം – **ഗ്രേ മാറ്റർ** | |

**നാഡി** – യോജക കലയാൽ ആവരണം ചെയ്തിരിക്കുന്ന ആക്സോണുകളുടെ കൂട്ടം-3തരം

**1. സംവേദ നാഡി** – ജ്ഞാനേന്ദ്രിയങ്ങളിൽ നിന്നും മസ്തിഷ്കത്തിലേക്കും സുഷുമ്നയിലേക്കും ആവേഗങ്ങളെ കൊണ്ട് പോകുന്ന ആക്സോണുകൾ ചേർന്നുണ്ടായത്.

LIFE sslc biology notes

**2. പ്രേരക നാഡി –** മസ്തിഷ്കത്തിന്റെയും സുഷുമ്നയുടേയും നിർദേശങ്ങൾ അവയവങ്ങളിലേക്ക് കൊണ്ട് പോകുന്ന ആക്സോണുകൾ ചേർന്നുണ്ടായത്.

**3. സമ്മിശ്ര നാഡി –** സംവേദ നാഡിതന്തുക്കളും പ്രേരക നാഡിതന്തുക്കളും ചേർന്നുണ്ടായത്.

## നാഡീയ സന്ദേശങ്ങൾ

നാഡിവ്യവസ്ഥ നിയന്ത്രണവും ഏകോപനവും സാധ്യമാക്കുന്നത് നാഡീയ സന്ദേശങ്ങൾ വഴിയാണ്. പഞ്ചേന്ദ്രിയങ്ങൾ സ്വീകരിക്കുന്ന **സ്പർഷം, ചൂട്, തണുപ്പ്, വേദന, മർദം, ശബ്ദം, കാഴ്ച, കേൾവി, ഗന്ധം** എന്നീ <u>ബാഹ്യഉദ്ദീപനങ്ങളും</u> **വിശപ്പ്, ദാഹം, തലവേദന** തുടങ്ങിയ <u>ആന്തരികഉദ്ദീപനങ്ങളും</u> ആവേഗങ്ങളായി ഒന്നിലധികം ന്യൂറോണുകളിലൂടെ കടന്നു പോയി മസ്തിഷ്കത്തിലെത്തുന്നു. അവിടെ വെച്ച് ആവേഗങ്ങളെ വിശകലനം ചെയ്ത് ഉചിതമായ പ്രതികര ണത്തിന് നിർദേശം നൽകുകയും ചെയ്യുന്നു.

**<u>വിവരങ്ങളുടെ കൈമാറ്റം</u>**

ഗ്രാഹികൾ – ശരീരത്തിനുള്ളിൽ നിന്നും പുറത്ത് നിന്നും ഉദ്ദീപനങ്ങളെ സ്വീകരിക്കുവാൻ കഴിവുള്ള നാഡികോശങ്ങൾ

ഉദ്ദീപനം – ശരീരത്തിനകത്തോ ചുറ്റുപാടിലോ ഉണ്ടാകുന്ന മാറ്റങ്ങൾ ഗ്രാഹീകോശങ്ങളിലെ പ്ലാസ്മാസ്തര ത്തിന്റെ ഇരുവശത്തും നിലനിൽക്കുന്ന വൈദ്യുത സന്തുലിതാവസ്ഥയിൽ ഉണ്ടാക്കുന്ന വ്യതിയാനം

ആവേഗങ്ങൾ – സന്തുലിതാവസ്ഥക്ക് വ്യതിയാനം സംഭവിക്കുമ്പോഴുണ്ടാകുന്ന വൈദ്യുതപ്രവാഹം






സിനാപ്സ് – രണ്ടു നാഡികോശങ്ങൾ തമ്മിലോ, നാഡികോശവും പേശീകോശവും തമ്മിലോ, നാഡികോശവും ഗ്രന്ഥീകോശവും തമ്മിലോ ചേരുന്ന ഭാഗം

♣ ആവേഗങ്ങളുടെ വേഗത, ദിശ എന്നിവ ക്രമീകരിക്കാൻ സഹായിക്കുന്നു.

സിനാപ്റ്റിക് വിടവിലേക്ക് സ്രവിക്കുന്ന ഈ നാഡീയപ്രേഷകം തൊട്ടടുത്ത ഡെൻഡ്രൈറ്റിനെ ഉത്തേജിപ്പിക്കുകയും പുതിയ വൈദ്യുതാവേഗങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

മസ്തിഷ്കം

പ്രതികരണം – ആവേഗങ്ങൾക്കനുസരിച്ചുണ്ടാകുന്ന മാറ്റങ്ങൾ

## മനുഷ്യനിലെ നാഡിവ്യവസ്ഥ

നമ്മുടെ നാഡിവ്യവസ്ഥയെ **കേന്ദ്ര നാഡിവ്യവസ്ഥ, പെരിഫെറൽ നാഡിവ്യവസ്ഥ** എന്നിങ്ങനെ 2 ആയി തിരിച്ചിരിക്കുന്നു.

കേന്ദ്ര നാഡി വ്യവസ്ഥ







പെരിഫെറൽ നാഡിവ്യവസ്ഥ

LIFE SSLC Biology Notes

## I. കേന്ദ്ര നാഡിവ്യവസ്ഥ

### A. മസ്തിഷ്കം




സംരക്ഷണങ്ങൾ

♣ തലയോട് - കട്ടിയുള്ള കവചം

♣ മെനിഞ്ചസ് - മസ്തിഷ്കത്തെ പൊതിയുന്ന 3 പാളി

♣ സെറിബ്രോ സ്പൈനൽ ദ്രവം - മെനിഞ്ചസിന്റെ ആന്തരപാളികൾക്കിടയിലും മസ്തിഷ്ക അറകളിലും നിറഞ്ഞിരിക്കുന്നു.

**ധർമം :-**

- മസ്തിഷ്കകലകൾക്ക് പോഷകങ്ങൾ, $O_2$ നൽകുക
- മസ്തിഷ്കത്തിനുള്ളിലെ മർദം ക്രമീകരിക്കുക
- മസ്തിഷ്കത്തെ ബാഹ്യക്ഷതങ്ങളിൽ നിന്ന് സംരക്ഷിക്കുക

| പ്രധാന ഭാഗം | സവിശേഷത | ധർമം |
|---|---|---|
| സെറിബ്രം | • മസ്തിഷ്കത്തിന്റെ ഏറ്റവും വലിയ ഭാഗം<br>• ധാരാളം ചുളിവുകളും മടക്കുകളും കാണപ്പെടുന്നു(കൂടുതൽ ന്യൂറോണുകളെ ഉൾക്കൊള്ളുന്നതിനുള്ള അനുകൂലനങ്ങളാണ്)<br>• കോർട്ടക്സ്(പുറം ഭാഗം) ഗ്രേമാറ്ററും, മെഡുല്ല(അകം ഭാഗം) വൈറ്റ്മാറ്ററുമാണ്. | ♣ ചിന്ത, ബുദ്ധി, ഭാവന, ഓർമ എന്നിവയുടെ കേന്ദ്രം<br>♣ ഇന്ദ്രിയാനുഭവങ്ങൾ ഉളവാക്കുന്നു<br>♣ ഐച്ഛിക ചലനങ്ങൾ നിയന്ത്രിക്കുന്നു |
| സെറിബെല്ലം | • മസ്തിഷ്കത്തിന്റെ രണ്ടാമത്തെ വലിയ ഭാഗം<br>• സെറിബ്രത്തിനു പിന്നിൽ 2 ദളങ്ങളായി കാണപ്പെടുന്നു<br>• ചുളിവുകളും ചാലുകളുമുണ്ട് | ♣ പേശീ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ശരീരതുലനനില പാലിക്കാൻ സഹായിക്കുന്നു |
| മെഡുല്ല ഒബ്ലോംഗേറ്റ | • സെറിബെല്ലത്തോട് ചേർന്ന് ദണ്ഡു പോലെ കാണപ്പെടുന്നു<br>• ഇതിന്റെ തുടർച്ചയാണ് സുഷുമ്ന | ♣ അനൈച്ഛിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു |
| തലാമസ് | • സെറിബ്രത്തിനു താഴെയായി കാണപ്പെടുന്നു | ♣ സെറിബ്രത്തിലേക്കും തിരികേയുമുള്ള ആവേഗങ്ങളെ പരിശോധിച്ച് പുനഃപ്രസരണം ചെയ്യുന്നു<br>♣ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആവേഗങ്ങളിൽ പ്രാധാന്യമുള്ളവയെ സെറിബ്രത്തിലേക്കയക്കുന്നു |
| ഹൈപ്പോ തലാമസ് | • തലാമസിന് തൊട്ടു താഴെ കാണപ്പെടുന്ന ഭാഗം | ♣ ആന്തരസമസ്ഥിതിപാലനത്തിന് സഹായിക്കുന്നു |

### B. സുഷുമ്ന




മെഡുല്ല ഒബ്ലോംഗേറ്റയുടെ തുടർച്ചയായി നട്ടെല്ലിന്റെ മധ്യഭാഗം വരെ (നവജാത ശിശുക്കളിൽ കീഴറ്റംവരെ) നീണ്ടുകിടക്കുന്ന ഒരു വിരലിന്റെ വണ്ണമുള്ള വെളുത്ത ദണ്ഡാണ് സുഷുമ്ന.

സംരക്ഷണം

♣ നട്ടെല്ലിന്റെ കവചം

♣ 3 പാളി മെനിഞ്ചസ് കൊണ്ടുള്ള ആവരണം

♣ മെനിഞ്ചസ് പാളികൾക്കിടയിലും സെൻട്രൽ കനാലിലും സെറിബ്രോ സ്പൈനൽ ദ്രവം നിറഞ്ഞിരിക്കുന്നു

**ധർമം :-**

- ദ്രുതഗതിയിലുള്ള ആവർത്തന ചലനം ഏകോപിപ്പിക്കുന്നു (നടത്തം, ഓട്ടം)

ശാരീരിക പ്രവർത്തനങ്ങൾക്കാവശ്യമായ ബോധപൂർവമായ തീരുമാനങ്ങൾ പ്രധാനമായും മസ്തിഷ്കത്തിലാണുണ്ടാകുന്നത്. എന്നാൽ അടിയന്തിരഘട്ടങ്ങളിൽ ഉദ്ദീപനങ്ങൾക്കനുസരിച്ച് ആകസ്മികവും അനൈഛികവുമായി ഉണ്ടാകുന്ന ശാരീരിക പ്രതികരണങ്ങൾക്ക് **(റിഫ്ളക്സ് പ്രവർത്തനം)** നിർദേശങ്ങൾ അധികവും സുഷുമ്നയിൽ നിന്നാണുണ്ടാകുന്നത് - **സ്പൈനൽ റിഫ്ളക്സ്** (കഴുത്തിന് താഴെ നടക്കുന്നു).
അതിനു ശേഷമാണ് ആവേഗങ്ങൾ മസ്തിഷ്കത്തിലെത്തുന്നത്. തുടർന്ന് ബോധപൂർവമായ പ്രതികരണങ്ങൾ ഉണ്ടാകുന്നു.

ഉദാ :- • കാലിൽ അറിയാതെ മുള്ളു കൊള്ളുമ്പോൾ കാൽ പെട്ടെന്ന് പിൻവലിക്കുന്നു
• അറിയാതെ തീയിൽ തൊടുമ്പോൾ കൈ പിൻവലിക്കുന്നു

⇨ റിഫ്ളക്സ് പ്രവർത്തനത്തിൽ ആവേഗത്തിന്റെ പാതയാണ് **റിഫ്ളക്സ് ആർക്ക്.**




**സെറിബ്രൽ റിഫ്ളക്സ്** : മസ്തിഷ്കത്തിൽ നിന്ന് രൂപപ്പെടുന്ന റിഫ്ളക്സ് (കഴുത്തിന് മുകളിൽ നടക്കുന്നു)

ഉദാ :- • കണ്ണിന് നേരെ പ്രാണി വരുമ്പോൾ പെട്ടെന്ന് തല തിരിക്കുന്നു
• ഉച്ചത്തിലുള്ള ശബ്ദം കേൾക്കുമ്പോൾ ചെവി പൊത്തുന്നു
• കണ്ണിലേക്ക് പെട്ടെന്ന് പ്രകാശം പതിക്കുമ്പോൾ കണ്ണ് ചിമ്മുന്നു.

## II. പെരിഫെറൽ നാഡിവ്യവസ്ഥ

12 ജോഡി ശിരോനാഡികളും 31 ജോഡി സുഷുമ്നനാഡികളും ചേർന്നതാണ് പെരിഫെറൽ നാഡിവ്യവസ്ഥ. കേന്ദ്രനാഡി വ്യവസ്ഥയെ ശരീരത്തിലെ അവയവങ്ങളുമായി ബന്ധിപ്പിക്കുന്നു.
ആന്തരികാവയവങ്ങളുടെ പ്രവർത്തനത്തെ നിയന്ത്രിക്കുന്നത് പെരിഫെറൽ നാഡിവ്യവസ്ഥയുടെ ഭാഗമായ <u>സ്വതന്ത്ര നാഡിവ്യവസ്ഥയാണ്.</u> **സിംപതറ്റിക് വ്യവസ്ഥയും പാരാസിംപതറ്റിക് വ്യവസ്ഥയും** ചേർന്നതാണ് സ്വതന്ത്ര നാഡിവ്യവസ്ഥ.
പ്രതിസന്ധിഘട്ടങ്ങളെ നേരിടാൻ സിംപതറ്റിക് വ്യവസ്ഥ ശരീരത്തെ സജ്ജമാക്കും. പ്രതിസന്ധിഘട്ടം തരണം ചെയ്താൽ പാരാസിംപതറ്റിക് വ്യവസ്ഥ ശാരീരിക പ്രവർത്തനങ്ങളെ സാധാരണ നിലയിലേക്ക് കൊണ്ട്വരികയും ചെയ്യും.

| അവയവം | സിംപതറ്റിക് വ്യവസ്ഥ | പാരാസിംപതറ്റിക് വ്യവസ്ഥ |
|---|---|---|
| കണ്ണ് | കണ്ണിലെ പ്യൂപ്പിൾ വികസിക്കുന്നു | കണ്ണിലെ പ്യൂപ്പിൾ ചുരുങ്ങുന്നു |
| ഉമിനീർ ഗ്രന്ഥി | ഉമിനീർ ഉൽപാദനം കുറയുന്നു | ഉമിനീർ ഉൽപാദനം കൂടുന്നു |
| ശ്വാസകോശം | ശ്വാസനാളം വികസിക്കുന്നു | ശ്വാസനാളം സങ്കോചിക്കുന്നു |
| ഹൃദയം | ഹൃദയമിടിപ്പ് കൂടുന്നു | ഹൃദയമിടിപ്പ് കുറയുന്നു |
| ആമാശയം | ആമാശയ പ്രവർത്തനം മന്ദീഭവിക്കുന്നു | ആമാശയ പ്രവർത്തനം സാധാരണ നിലയിലാകുന്നു |
| കരൾ | ഗ്ലൈക്കോജനെ ഗ്ലൂക്കോസാക്കുന്നു | ഗ്ലൂക്കോസിനെ ഗ്ലൈക്കോജനാക്കുന്നു |
| കുടൽ | പെരിസ്റ്റാൾസിസ് മന്ദീഭവിക്കുന്നു | പെരിസ്റ്റാൾസിസ് സാധാരണ നിലയിലാകുന്നു |
| മൂത്രാശയം | മൂത്രാശയം പൂർവ്വസ്ഥിതി പ്രാപിക്കുന്നു | മൂത്രാശയം ചുരുങ്ങുന്നു |

LIFE sslc biology notes

നട്ടെല്ലിന്റെ ഇരുവശത്തുമുള്ള ഗാംഗ്ലിയോൺ ശൃംഖലയും അവയോട് ബന്ധപ്പെട്ട നാഡീകേന്ദ്രങ്ങളും ചേർന്നതാണ് **സിംപതറ്റിക് വ്യവസ്ഥ**. (പ്രതിസന്ധി ഘട്ടങ്ങളിൽ ശരീരത്തോട് അനുകമ്പ (sympathy) തോന്നി ശരീരത്തെ രക്ഷിക്കാൻ പ്രവർത്തന ക്ഷമമാകുന്നതിനാലാണ് ഇവക്ക് ഈ പേര് ലഭിച്ചത്).
മസ്തിഷ്കത്തിൽ നിന്നും സുഷുമ്നയുടെ അവസാന ഭാഗത്തെ ഗാംഗ്ലിയോണുകളിൽ നിന്നും പുറപ്പെടുന്ന നാഡികൾ ചേർന്നതാണ് **പാരാസിംപതറ്റിക് വ്യവസ്ഥ.**

## നാഡിവ്യവസ്ഥക്കുണ്ടാകുന്ന തകരാറുകൾ

| രോഗം | കാരണം | ലക്ഷണം | പരിഹാരം |
|---|---|---|---|
| **അൽഷിമേഴ്സ്** | മസ്തിഷ്കത്തിലെ നാഡികലകളിൽ അലേയമായ പ്രോട്ടീൻ അടിഞ്ഞുകൂടുന്നത് മൂലം ന്യൂറോണുകൾ നശിക്കുന്നു | • കേവല ഓർമ പോലും നഷ്ടപ്പെടുന്നു<br>• ആരേയും തിരിച്ചറിയാൻ സാധിക്കാതെ വരുന്നു<br>• ദിനചര്യകൾ ചെയ്യാൻ സാധിക്കാതെ വരുന്നു. | പൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കില്ല |
| **പാർക്കിൻസൺസ്** | ഡോപാമിന്റെ കുറവ്, ഗാംഗ്ലിയോണുകൾ നശിക്കുന്നു | • ശരീരത്തിന്റെ തുലനാവസ്ഥ നഷ്ടപ്പെടു ന്നു<br>• ശരീരത്തിന് വിറയൽ<br>• പേശികളുടെ ക്രമരഹിതമായ ചലനം<br>• വായിൽ നിന്ന് ഉമിനീർ ഒഴുകുക | പൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കില്ല. ഡോപാമിൻ ഉപയോഗിച്ച് നിയന്ത്രിക്കാം |
| **അപസ്മാരം** | മസ്തിഷ്കത്തിലെ ക്രമരഹിതമായ വൈദ്യുതപ്രവാഹം | • തുടരെത്തുടരെയുള്ള പേശി സങ്കോചം മൂലമുള്ള സന്നി<br>• വായിൽ നിന്ന് നുരയും പതയും വരിക<br>• പല്ല് കടിച്ച് പിടിക്കുക<br>• അബോധാവസ്ഥയിലാകുക | മരുന്ന് കൊണ്ട് പരിഹരിക്കാം |

LIFE sslc biology notes